
# GLORIA




# THE BOOK OF DANIEL
# STUDY NOTES IN MALAYALAM

P. GEORGE JOHN
www.pgeorgejohn.com
www.gospel.sajacobsreviews.com

GLORIA

# ദാനിയേൽ പ്രവചനം

# THE BOOK OF DANIEL

By

## P. GEORGE JOHN

Type Setting And DTP
**JACOBS FLEETTECH COMPUTERS**
**PUTHUPPALLY,**
**KOTTAYAM**
Email: fleettech@gmail.com

# ദാനിയേൽ പ്രവചനം

# THE BOOK OF DANIEL

## INDEX


| CHAPTER | PAGE NO |
| --- | --- |
| CHAPTER 1 | 1 |
| CHAPTER 2 | 9 |
| CHAPTER 3 | 14 |
| CHAPTER 4 | 16 |
| CHAPTER 5 | 18 |
| CHAPTER 6 | 21 |
| CHAPTER 7 | 25 |
| CHAPTER 8 | 33 |
| CHAPTER 9 | 75 |
| CHAPTER 10 | 63 |
| CHAPTER 11 | 66 |
| CHAPTER 12 | 74 |
| SUMMARY | 78 |

www.gospelinmalayalam.com

# THE BOOK OF DANIEL - CHAPTER 1

## Daniel Prophesy - An Introduction

വേദപുസ്തകത്തിലെ 'Mistery' നിറഞ്ഞ പുസ്തകങ്ങളിലൊന്നായ ദാനിയേൽ പ്രവചനം, ഇതെഴുതിയ സമയത്തുനിന്നും 2600 വർഷങ്ങൾക്കു ശേഷം, പഠിക്കുവാൻ സർവ്വശക്തനായ ദൈവം നമുക്കനുവദിച്ചു തന്ന ഈ സൗഭാഗ്യത്തിനായി നമുക്കു ദൈവത്തെ സ്തുതിക്കാം.

- ദാനിയേലിനോട് ദൈവാത്മാവ് സംസാരിച്ചു.

Daniel 12: 9, 10 *ഈ വചനങ്ങൾ അന്ത്യകാലത്തേയ്ക്ക് അടെച്ചും മുദ്രയിട്ടും ഇരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ചു നിർമ്മലീകരിച്ചു ശോധന കഴിക്കും. ദുഷ്ടൻമാരോ ദുഷ്ടത പ്രവൃത്തിക്കും. ദുഷ്ടൻമാരിൽ ആരും അതു തിരിച്ചറിയുകയില്ല. ബുദ്ധിമാന്മാരോ ഗ്രഹിക്കും.*

- നാം വന്നെത്തിയിരിക്കുന്ന ഈ അന്ത്യകാലത്ത് ഈ പ്രവചനം പഠിപ്പാൻ നമ്മെ അനുവദിച്ച ദൈവത്തിന് സ്തോത്രം ചെയ്തുകൊണ്ട് ഇതിലേക്കു നമുക്കു നോക്കാം.

- ഈ പ്രവചനത്തിലേക്കു കടക്കുന്നതിനു മുമ്പായി അല്പം back ground നമുക്കു നോക്കാം.

- യിസ്രായേലിന്റെ ചരിത്രം എപ്പോഴും അനുസരണക്കേടിന്റെയും മറുതലിപ്പിന്റെയും ചരിത്രം ആയിരുന്നു.

- അബ്രഹാമിനു ദൈവം കൊടുത്ത അനുഗ്രഹത്തിന് അവകാശികളായിതീർന്നുവെങ്കിലും, അവർ ദൈവകൽപന ലംഘിക്കുന്നവരും പിറുപിറുക്കുന്നവരും ആയിരുന്നു.

- മിസ്രയീമിൽ നിന്നും വിടുവിക്കപ്പെട്ടു.

- മരുഭൂമിയിൽ 40 വർഷം പരിപാലിക്കപ്പെട്ടു.

- ദൈവവാഗ്ദത്തമായ കനാനെ കൈവശമാക്കുകയും ചെയ്തു.

കനാനിൽ പാർക്കുംകാലം അവർ ദൈവത്തെ ദുഃഖിപ്പിച്ചു.

- ധാരാളം ന്യായാധിപന്മാരെ ദൈവം എഴുന്നേൽപിച്ചു. ന്യായപാലനം നടത്തുവാനും, ശത്രുക്കളെ യുദ്ധം ചെയ്തു കളയുവാനും.

യോശുവ, ഒത്നിയേൽ, ബാരാക്ക്, ഗിദയോൻ, യിപ്താഹ്, ശിംശോൻ ഇങ്ങനെ അനേകം ന്യായാധിപരെ ദൈവം എഴുന്നേല്പിച്ചു.

- യിസ്രായേലിന്റെ അകൃത്യം കാരണം, ഏതെങ്കിലുമൊരു അന്യജാതിക്കാർ അവരെ ആക്രമിച്ചുകൊണ്ടേയിരുന്നു.

- ധാർമ്മികമായി അധഃപതിച്ച്, ദൈവകൽപന ലംഘിച്ച്, അനുസരണക്കേടും മറുതലിപ്പും ധാരാളം വിന അവരുടെ ജീവിതത്തിൽ വരുത്തി വച്ചു.

- ഇങ്ങനെ മുമ്പോട്ടു പോകുമ്പോഴത്രെ യിസ്രായേൽ തങ്ങൾക്കു രാജാവിനെ വേണം എന്നു ചോദിച്ചു വാങ്ങുന്നത്. ശമുവേൽ പ്രവാചകന്റെ കാലത്ത്.

- മനസ്സില്ലാമനസ്സോടെ, ദൈവം അവർക്കു രാജാവിനെ കൊടുത്തുകൊള്ളാൻ ശമുവേലിനോടു പറഞ്ഞു.

ഒന്നാമത് ശൗൽ. രണ്ടാമത് ദാവീദ്. മൂന്നാമത് ശലോമോൻ

- ശലോമോൻ ദൈവസന്നിധിയിൽ നേരോടെ നടക്കാത്തതിനാൽ അവന്റെ കാലശേഷം രാജ്യം വിഭജിക്കപ്പെട്ടു. രണ്ടു രാജ്യങ്ങൾ യഹൂദ്യ, യിസ്രായേൽ.

- ഈ രണ്ടു രാജ്യങ്ങളിലും കാലാകാലങ്ങളിൽ പ്രവാചകന്മാരെ എഴുന്നേല്പിച്ചു.

- അവരെ അനുതാപത്തിലേക്കും, ദൈവകൽപനയുടെ അനുഗ്രഹത്തിലേക്കും നയിക്കുവാൻ കാലാകാലങ്ങളിൽ ദൂതുമായി പ്രവാചകന്മാർ നടന്നു പ്രസംഗിച്ചു.

fleettech@gmail.com

www.gospelinmalayalam.com

- ആമോസും, ഹോശയ്യായും യിസ്രായേലിലേക്ക് ദൈവം അയച്ച പ്രവാചകന്മാർ ആയിരുന്നു.

അതേസമയം, യഹൂദ്യയിലേക്ക് പ്രഗത്ഭരായ പ്രവാചകന്മാരെ ദൈവം അയച്ചു.

- യെശയ്യാവ്

- യിരമ്യാവ്

- മീഖ, സക്കരിയ, സെഫന്യാവ്, ഹബക്കുക്, യോവേൽ - ഇവരെല്ലാം യഹൂദ്യയിൽ പ്രവചിച്ചു. ഇവരിൽ യിരമ്യാവ് നമ്മുടെ ശ്രദ്ധയെ വളരെ ആകർഷിക്കുന്നു. കാരണം **യിരമ്യാവ്, യിസക്കിയേൽ, ദാനിയേൽ** ഇതു മൂന്നും തുടർച്ചയായുള്ള പ്രവചനങ്ങളാണ്. ഈ മൂന്നു പ്രവാചകവര്യന്മാരെപ്പറ്റി അല്പം ചിന്തിക്കാം:-

1. **Jeremiah പ്രവചനകാലം BC 629 - 588**

Jeremiah യെപ്പറ്റി പറയുന്നത് " A heart broken prophet with a heart breaking message."

കണ്ണുനീരിന്റെ പ്രവാചകൻ: കണ്ണുനീരൊഴുക്കിക്കൊണ്ട് 40 വർഷത്തോളം യഹൂദ്യ ദേശത്തു പ്രവചിച്ചു.

- **'വരുവാനുള്ള കോപത്തിൻ നിന്നും രക്ഷപ്പെടുവാനായി മാനസ്സാന്തരപ്പെടുവിൻ'** ഇതായിരുന്നു ദൂത്.

- ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുന്ന സമയം. പക്ഷെ മാനസ്സാന്തരത്തിന്റെ ദൂത് കേൾക്കാനാർക്കാണ് ഇഷ്ടം.

യിരമ്യാവിന്റെ ശബ്ദം അവർക്കു കേൾക്കണ്ട. യിരമ്യാവിനെ വളരെയധികം പീഡിപ്പിച്ചു. ദൈവശബ്ദത്തിന് അവർ ചെവി കൊടുത്തില്ല. ബാബിലോണ്യ ആക്രമണം ഉണ്ടാകുമെന്നും ജനം പ്രവാസത്തിലേക്കു പോകേണ്ടിവരുമെന്നും യരുശലേം ശൂന്യമാകുമെന്നും യിരമ്യാവു പ്രവചിച്ചു.

Jer. 22:18 *അതുകൊണ്ടു യഹോവ യോശീയാവിന്റെ മകനായി യെഹൂദാ രാജാവായ യെഹോയാക്കീമിനെക്കുറിച്ചു ഇപ്രകാരം അരുളി ചെയ്യുന്നു. അവനെക്കുറിച്ചു അവർ: അയ്യോ സഹോദരാ, അയ്യോ സഹോദരി എന്നു ചൊല്ലി വിലപിക്കയില്ല; അവനെക്കുറിച്ചു: അയ്യോ തമ്പുരാനേ, അയ്യോ തിരുമേനി എന്നു ചൊല്ലി വിലപിക്കയുമില്ല.*

യെഹോയാക്കീം രാജാവിനെപ്പറ്റി യിരമ്യാവു പ്രവചിച്ചു.

- മാനസ്സാന്തരപ്പെടാത്ത ജനം ദൈവകോപം വരുത്തി വച്ചു.

- യഹൂദ്യരുടെമേൽ ദൈവം ബാബിലോണ്യ സൈന്യത്തെ അയച്ചു.

- യരുശലേം നശിപ്പിക്കപ്പെടുന്നു. ദേവാലയം തീയ്ക്കിരയായി.

- ജനങ്ങളിൽ നല്ലൊരു പങ്ക് പ്രവാസികളായി ബാബിലോണിലേക്ക് കൊണ്ടുപോകപ്പെടുന്നു. Babilonian Captivity

മൂന്ന് പ്രാവശ്യമായി യരുശലേം പൂർണ്ണമായി നശിച്ചു. ഓരോ പ്രാവശ്യം ജനം പ്രവാസത്തിലേക്കു പോകുകയും ചെയ്തു. എന്നാൽ ബാബേൽ പ്രവചനത്തിന്റെ കാലം 70 വർഷമാണെന്നും യിരമ്യാവു പ്രസ്താവിച്ചു.

Jer. 29:10 *യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ബാബേലിലെ എഴുപതു സംവത്സരം കഴിഞ്ഞ ശേഷമേ ഞാൻ നിങ്ങളെ സന്ദർശിച്ചു ഈ സ്ഥലത്തേക്കു മടക്കി വരുത്തുമെന്നു നിങ്ങളോടുള്ള എന്റെ വചനം ഞാൻ നിവർത്തിക്കയുള്ളൂ.*

2. **EZEKIEL** പ്രവചനകാലം BC 595 - 574

രണ്ടാമത്തെ പ്രാവശ്യം യരുശലേമിൽ നിന്നും ബാബിലോണിലേക്കു കൊണ്ടുപോയവരുടെ കൂട്ടത്തിൽ Ezekiel ഉണ്ടായിരുന്നു.

Ezekiel പ്രവചനം ആരംഭിക്കുന്നത് ബാബിലോണിൽ പ്രവാസികളുടെ നടുവിൽ ആണ്.

fleettech@gmail.com

തങ്ങളുടെ ഇന്നത്തെ സ്ഥിതിക്കു കാരണം അവരുടെ അനുസരണക്കേട് ആണെന്ന് വളരെ ശക്തിയോടെ എസക്കിയേൽ പ്രവചിച്ചു.

- അതേസമയം തന്നെ, യഹൂദാജാതിയെ ദൈവം, വീണ്ടും Restore ചെയ്യും എന്നുള്ള വലിയ promise അവരെ അറിയിക്കുന്ന ദൂതും Ezekiel പ്രവചനത്തിലുണ്ട്.

Rom 11:1 എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവെന്നോ. ഒരുനാളുമില്ല.

അവരെ restore ചെയ്യാൻ ദൈവം കാത്തു കാത്തിരിക്കുന്നു. അവർ തങ്ങളെത്തന്നെ താഴ്ത്തി യഹോവയുടെ വഴികളെ അന്വേഷിക്കുന്ന സമയത്തോളം മാത്രമേ അവരുടെ പ്രവാസകാലം നീളുകയുള്ളു.

നശിച്ചു പോയ യരുശലേം വീണ്ടും പുതുക്കി പണിയുന്നതും പഴയതുപോലെ അതിൽ നിവാസികളെ തിരികെ കൊണ്ടുവരുന്നതും ദൈവം ആത്മാവിൽ എസക്കിയേലിനെ കാണിച്ചുകൊടുക്കുന്നു.

Ezekiel 36:33-35 (R) *യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കുന്ന നാളിൽ നിങ്ങളുടെ പട്ടണങ്ങളിൽ ഞാൻ ആളെ പാർപ്പിക്കും. ശൂന്യസ്ഥലങ്ങളേയും പണിയും. വഴിപോകുന്ന ഏവരുടേയും കാഴ്ചക്കു ശൂന്യമായി കിടന്നിരുന്ന പ്രദേശത്തു കൃഷി നടക്കും. ശൂന്യമായി കിടന്നിരുന്ന ദേശം ഏദെൻതോട്ടം പോലെയായിത്തീർന്നുവല്ലോ; പാഴും ശൂന്യവുമായി ഇടിഞ്ഞുകിടന്നിരുന്ന പട്ടണങ്ങൾ ഉറപ്പും നിവാസികളും ഉള്ളവ ആയിത്തീർന്നുവല്ലോ എന്നു അവർ പറയും.*

2Chron 36:21 *യിരെമ്യാ മുഖാന്തരം ഉണ്ടായ യഹോവയുടെ വചനം നിവൃത്തിയാകേണ്ടതിനു ദേശം അതിന്റെ ശബ്ബത്തുകളെ അനുഭവിച്ചു കഴിയുവോളം തന്നേ; എഴുപതു സംവത്സരം തികയുവോളം അതു ശൂന്യമായി കിടന്ന കാലമൊക്കെയും ശബ്ബത്തു അനുഭവിച്ചു.*

1Kings 8:46-50(R) *അവർ നിന്നോടു പാപം ചെയ്കയും - പാപം ചെയ്യാത്ത മനുഷ്യൻ ഇല്ലല്ലോ - നീ അവരോടു കോപിച്ചു അവരെ ശത്രുവിനു ഏല്പിക്കയും അവർ അവരെ ദൂരത്തോ സമീപത്തോ ഉള്ള ശത്രുവിന്റെ ദേശത്തേക്കു ബദ്ധരാക്കി കൊണ്ടുപോകയും ചെയ്താൽ അവരെ പിടിച്ചുകൊണ്ടുപോയിരിക്കുന്ന ദേശത്തുവെച്ചു അവർ ഉണർന്നു മനം തിരിഞ്ഞു, അവരെ ബദ്ധരായി കൊണ്ടുപോയ ദേശത്തുവെച്ചു: ഞങ്ങൾ പാപം ചെയ്തു അകൃത്യവും ദുഷ്ടതയും പ്രവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു നിന്നോടു യാചിക്കയും അവരെ പിടിച്ചുകൊണ്ടുപോയ ശത്രുക്കളുടെ ദേശത്തുവച്ചു അവർ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ നിങ്കലേക്കു തിരിഞ്ഞു, നീ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു നീ തിരഞ്ഞെടുത്ത നഗരത്തിങ്കലേക്കും ഞാൻ നിന്റെ നാമത്തിന്നു പണിതിരിക്കുന്ന ഈ ആലയത്തിങ്കലേക്കും നോക്കി നിന്നോടു പ്രാർത്ഥിക്കയും ചെയ്താൽ നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ അവരുടെ പ്രാർത്ഥനയും യാചനയും കേട്ടു അവർക്കു ന്യായം പാലിച്ചുകൊടുത്തു, നിന്നോടു പാപം ചെയ്ത നിന്റെ ജനത്തോടു, അവർ നിന്നോടു ചെയ്ത ദ്രോഹങ്ങളൊക്കെയും ക്ഷമിക്കയും അവരെ ബദ്ധന്മാരായി കൊണ്ടുപോയവർക്കു അവരോടു കരുണ തോന്നത്തക്കവണ്ണം അവർക്കു അവരോടു കരുണ ലഭിക്കുമാറാക്കകയും ചെയ്യേണമേ.*

പ്രവാസത്തിലേക്കു പിടിച്ചുകൊണ്ടു പോകപ്പെട്ട ദൈവജനം, തങ്ങളെത്തന്നെ താഴ്ത്തി. യഹോവയോടു നിലവിളിക്കാൻ തുടങ്ങിയ കാലയളവിലാണ് ദാനിയേൽ തന്റെ പ്രവചനം തുടങ്ങിയത്.

**3.** **ദാനിയേൽ പ്രവചനകാലം BC 607 - 534**

16-ാം വയസ്സിൽ ബാബിലോണ്യയിലേക്ക് പ്രവാസിയായി പോകേണ്ടിവന്ന വ്യക്തിയാണ് ദാനിയേൽ. കൽദയരുടെ ആക്രമണത്തിന്റെ ഒന്നാമത്തെ phase ൽ തന്നെ ദാനിയേലിനെ കൊണ്ടുപോയി.

ബുദ്ധിശക്തികൊണ്ടും, ജ്ഞാനംകൊണ്ടും, സൗന്ദര്യംകൊണ്ടും, നെബുക്കദ്നേസർ രാജാവിന്റെ കൊട്ടാരത്തിൽ സേവനം ചെയ്യുവാൻ ദാനിയേൽ തെരഞ്ഞെടുക്കപ്പെട്ടു.

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

ബാബിലോണിലെ സകല വിദ്യയും, കലയും, കൗശലവും, രാജനീതിയും Royal training ഉം ദാനിയേലിനു ലഭിച്ചു.

BC - 605 ൽ ആണ് ദാനിയേലും കൂട്ടുകാരും ബാബിലോണിൽ എത്തിയത്. അന്നുമുതൽ 70 വർഷം യിസ്രായേൽ ജനം അവിടെ പാർത്തു. ഈ കാലയളവു മുഴുവനും ദാനിയേൽ ബാബിലോണിൽ പാർത്തു.

ദാനിയേലിനെ സംബന്ധിച്ച് ഒരു വലിയ വിഷയം - വളരെ അപൂർവമായി മാത്രം ലഭിച്ച ഒരു പദവിയാണ് - മൂന്നു രാജാക്കന്മാരുടെ കീഴിൽ ഒന്നുപോലെ ഉന്നതനായ ഒരു ഓഫീസറായി ഇരിപ്പാൻ ദാനിയേലിനു ഭാഗ്യം ലഭിച്ചു.

- പുതിയ നിയമത്തിലെ പൗലൂസിനെപ്പോലെ വിദ്യാസമ്പന്നൻ. ജീവിതവിശുദ്ധി സംബന്ധിച്ച് ശ്രേഷ്ഠൻ.

- ദൈവം "യിസ്രായേലിനെ സംബന്ധിച്ചുള്ളതു മാത്രമല്ല, ലോകത്തിന്റെ തന്നെ ഭാവി പദ്ധതിയുടെ ചുരുളഴിച്ച് പരസ്യമാക്കുവാൻ, എത്രയോ ശ്രേഷ്ഠനായ ഒരു വ്യക്തിയെയാണ് തിരഞ്ഞെടുത്തത്.

**ദാനിയേൽ പ്രവചനം സത്യമോ?** ഈ പ്രവചനത്തിനെതിരായി പലകാലത്തും വിമർശനം ഉണ്ടായിട്ടുണ്ട്.

എന്നാൽ കർത്താവ് ഇതിന്റെ വിശ്വാസ്യത നമുക്ക് ഉറപ്പിച്ചു തന്നു.

Math 24:15 — *എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ - "ശൂന്യമാക്കുന്ന മ്ലേച്ഛത."*

**ദാനിയേൽ ശരിക്കും വിശുദ്ധനായിരുന്നോ?**

അക്കാലത്തു ജീവിച്ചിരുന്ന ഒരു പ്രവാസിയോട് ചോദിക്കാം. എന്തു സാക്ഷ്യമാണ് ദാനിയേലിനെപ്പറ്റി പറയാനുള്ളത്?

Ezekiel 14:14 — *നോഹ, ദാനീയേൽ, ഇയ്യോബ് എന്നീ മൂന്നു പുരുഷന്മാർ അതിൽ ഉണ്ടായിരുന്നാലും അവർ തങ്ങളുടെ നീതിയാൽ സ്വന്തജീവനെ മാത്രമേ രക്ഷിക്കുകയുള്ളൂ എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.*

**യഹൂദ്യായിലെ രാജാക്കന്മാരുടെ സ്ഥിതി എന്ത്?**

യരുശലേമിൽ നിന്നും മൂന്നു രാജാക്കന്മാരുടെ കാലത്ത് ബാബേലിലേക്ക് പ്രവാസികളെ കൊണ്ടുപോയി

1. **BC 607** **യെഹോയാക്കീം**

Jer 36:22-23 — *അന്നു ഒമ്പതാം മാസത്തിൽ രാജാവു ഹേമന്തഗൃഹത്തിൽ ഇരിക്കയായിരുന്നു; അവന്റെ മുമ്പാകെ നെരിപ്പോട്ടിൽ തീ കത്തിക്കൊണ്ടിരുന്നു. യെഹൂദി മൂന്നുനാലു ഭാഗം വായിച്ച ശേഷം രാജാവു എഴുത്തുകാരന്റെ ഒരു കത്തികൊണ്ടു അതു കണ്ടിച്ചു ചുരുൾ മുഴുവനും നെരിപ്പോട്ടിലെ തീയിൽ വെന്തുപോകുംവരെ നെരിപ്പോട്ടിൽ ഇട്ടുകൊണ്ടിരുന്നു.*

2Chron 36:6 — *അവന്റെ നേരെ ബാബേൽ രാജാവായ നെബൂഖദ്നേസർ വന്നു അവനെ ചങ്ങലയിട്ടു ബാബേലിലേക്കു കൊണ്ടുപോയി.*

2. **BC 598** **യെഹോയാവീൻ**

2Chron 36:10 — *എന്നാൽ പിറ്റെയാണ്ടിൽ നെബൂഖദ്നേസർ രാജാവു ആളയച്ചു അവനെയും യഹോവയുടെ ആലയത്തിലെ മനോഹരമായ ഉപകരണങ്ങളെയും ബാബേലിലേക്കു വരുത്തി, അവന്റെ സഹോദരനായ സിദെക്കീയാവെ യെഹൂദെക്കും യെരുശലേമിന്നും രാജാവാക്കി.*

3. **BC 587** **സിദെക്കിയാവ്**

2Chron 36:20 — *വാളിനാൽ വീഴാതെ ശേഷിച്ചവരെ അവൻ ബാബേലിലേക്കു കൊണ്ടുപോയി; പാർസി രാജ്യത്തിനു ആധിപത്യം സിദ്ധിക്കുംവരെ അവർ അവിടെ അവന്നും അവന്റെ*

fleettech@gmail.com

*പുത്രന്മാർക്കും അടിമകളായിരുന്നു.*

എത്രകാലം യരുശലേം ശൂന്യമായി കിടന്നു?

2Chron 36:21 *യിരെമ്യാമുഖാന്തരം ഉണ്ടായ യഹോവയുടെ വചനം നിവൃത്തിയാകേണ്ടതിനു ദേശം അതിന്റെ ശബ്ബത്തുകളെ അനുഭവിച്ചു കഴിയുവോളം തന്നേ; എഴുപതു സംവത്സരം തികയുവോളം അതു ശൂന്യമായി കിടന്ന കാലമൊക്കെയും ശബ്ബത്തു അനുഭവിച്ചു.*

**ബാബിലോൺ എവിടെ?**

ഇന്നത്തെ ഇറാക്കിൽ. യുഫ്രട്ടീസ്, ടൈഗ്രീസ് എന്നീ നദികളുടെ ഇടയിലുള്ള മനോഹരമായി പണിത പട്ടണം. ബലവത്തായ പട്ടണം. ചുറ്റുമുള്ള മതിലിന് 14 മൈൽ നീളം, 100 അടി ഉയരം. അടിയിൽ 136.5 അടി വീതി. മുകളിൽ 87 അടി വീതി. അതിന്റെ പിമ്പിലായി ഒരു മതിൽ വേറെ. യുഫ്രട്ടീസ് നദി ഈ പട്ടണത്തിനുള്ളിലൂടെ കോണോടു കോൺ ഒഴുകുന്നു.

പട്ടണം കാണാൻ മനോഹരം. Artificial hanging garden അതിനുള്ളിൽ. ധാരാളം പ്രതിമകൾ. Marduk ദേവന്റെ ക്ഷേത്രം. രാജാവിന്റെ കൊട്ടാരം. സിംഹാസനമുറിയുടെ നീളം 168' വീതി 56 അടി. അന്നത്തെ ലോകത്തിലെ ഏറ്റവും മനോഹരമായ പട്ടണം.

ദൈവജനം യരുശലേമിൽ നിന്ന് ബാബിലോണിലേക്ക് - ഇനി നമുക്കു പ്രവചനം നോക്കാം.

## Daniel Prophecy

ഈ പ്രവചനത്തിന് മൂന്ന് ഭാഗങ്ങളുണ്ട്.

1. Personal History of Daniel - Chapter 1 - Hebrew Language
2. Prophetic Plan for Gentiles - Chapter 2-7 - Aramia Language
3. Prophetic plan for Nation Israel - Chapter 8-12- Hebrew Language

## CH : 1 -7 Daniel's Deportation

Chapter 1:1 ഈ സംഭവം യഹൂദ്യാ രാജ്യത്തിന്റെ തലസ്ഥാനമായ യെരുശലേമിൽ നടക്കുന്നു.

What about Israel. 10 ഗോത്രങ്ങളുള്ള ഇസ്രായേലിന് എന്തു സംഭവിച്ചു?

BC 722 ൽ അശൂർ രാജാവ് യിസ്രായേലിനെ പ്രവാസത്തിലേക്കു കൊണ്ടുപോയി.

എന്താണ് കാരണം? യിസ്രായേലിനെയും യഹൂദ്യയെയും ദൈവം ജാതികളുടെ കൈയിൽ ഏൽപ്പിച്ചതിന്റെ കാരണമെന്ത്?

ഉടമ്പടി തെറ്റിച്ചു? ഏത് ഉടമ്പടി? ദൈവവുമായി യിസ്രായേൽ ജാതി ചെയ്ത ഉടമ്പടി.

Deut 28:1 *നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവന്റെ സകല കൽപനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വജാതികൾക്കും മീതെ ഉന്നതനാക്കും.*

Deut 28:15 *എന്നാൽ നീ നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടു. ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവന്റെ കൽപനകളും ചട്ടങ്ങളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപമൊക്കെയും നിനക്കു വന്നു ഭവിക്കും.*

Deut 28:32 *നിന്റെ പുത്രന്മാരും പുത്രിമാരും അന്യജാതിക്കു അടിമകളാകും; നിന്റെ കണ്ണു ഇടവിടാതെ അവരെ നോക്കിയിരുന്നു ക്ഷീണിക്കും.*

Jerem: 27:6 *ഇപ്പോഴോ ഞാൻ ഈ ദേശങ്ങളെ ഒക്കെയും എന്റെ ദാസനായി ബാബേൽ രാജാവായ നെബൂഖദ്നേസരിന്റെ കൈയ്യിൽ കൊടുത്തിരിക്കുന്നു; അവനെ സേവിക്കേണ്ടതിനു വയലിലെ മൃഗങ്ങളെയും ഞാൻ അവന്നു കൊടുത്തിരിക്കുന്നു.*

www.gospelinmalayalam.com

fleettech@gmail.com

www.gospelinmalayalam.com

Habakuk 1:6 *ഞാൻ ഉഗ്രതയും വേഗതയുമുള്ള ജാതിയായ കല്ദയരെ ഉണർത്തും; അവർ തങ്ങളുടേ തല്ലാത്ത വാസസ്ഥലങ്ങളെ കൈവശമാക്കേണ്ടതിനു ഭൂമണ്ഡലത്തിൽ നീളെ സഞ്ചരിക്കുന്നു.*

1:2 God of Babilonians - Bel or Marduk

Shinar (ശിനാർ) - Babilonia (Gen 10:10)

Gen 10:10 *അവന്റെ രാജ്യത്തിന്റെ ആരംഭം ശിനാർദേശത്തു ബാബേൽ, ഏരെക്, അക്കാദ്, കൽനേ എന്നിവ ആയിരുന്നു.*

1:3, 4 It was preparation for administrative jobs for high position. They were from Royal families. അംഗഭംഗമില്ലാത്തവർ, സുന്ദരന്മാർ, സകല ജ്ഞാനത്തിലും നിപുണന്മാർ. അറിവിൽ സമർത്ഥന്മാർ, രാജസന്നിധിയിൽ പരിചരിപ്പാൻ യോഗ്യന്മാർ.

- അവർ പഠിച്ചത് - കൽദയവിദ്യയും ഭാഷയും.

1:5 അവരുടെ ആഹാരം

1:6 Three + Daniel All the Hebrew names were changed to Kaldea names.

1:7 Daniel - God is my Judge. ദൈവം എന്റെ ന്യായാധിപതി

Belteshazzar - Bel protect his life

Hananiah - Yahweh has been gracious യഹോവ കൃപയുള്ളവൻ

Shadrach - I am fearful of a God. ഞാൻ ദേവന്റെ ഭയമാകുന്നു.

Mishael - Who is what God is ദൈവത്തെ പോലെ ആരുള്ളൂ.

Meshack - I am despised before God ഞാൻ ദേവന്റെ മുമ്പിൽ നിന്ദിതൻ.

Azariah - Yahweh has helped യഹോവ സഹായം

Abednego - Servant of Nebo നെബോദേവദാസൻ (Nebo - Son of Bel)

ഇതിൽ ദാനീയേലിന്റെ പേരു മാറ്റി എങ്കിലും, ഈ പുസ്തകത്തിൽ മുഴുവനും തന്നെ "ദാനീയേൽ" എന്ന പേരാണു നാം കാണുന്നത്. രാജാവു പോലും "ദാനീയേൽ" എന്നു സംബോധന ചെയ്തു.

Daniel 2:46-49 *അപ്പോൾ നെബൂഖദ്നേസർ രാജാവു സാഷ്ടാംഗം വീണു ദാനീയേലിനെ നമസ്കരിച്ചു, അവന്നു ഒരു വഴിപാടും സൌരഭ്യവാസനയും അർപ്പിക്കണമെന്നു കല്പിച്ചു. രാജാവു ദാനിയേലിനോടു: നീ ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്തനായതുകൊണ്ടു നിങ്ങളുടെ ദൈവം ദൈവാധിദൈവവും രാജാധികർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു സത്യം എന്നു കല്പിച്ചു. രാജാവു ദാനീയേലിനെ മഹാനാക്കി, അവനു അനേകം വലിയ സമ്മാനങ്ങളും കൊടുത്തു, അവനെ ബാബേൽ സംസ്ഥാനത്തിനൊക്കെയും അധിപതിയും ബാബേലിലെ സകല വിദ്വാന്മാർക്കും പ്രധാന വിചാരകനും ആക്കിവെച്ചു. ദാനീയേലിന്റെ അപേക്ഷപ്രകാരം രാജാവു ശദ്രക്കിനെയും മേശക്കിനെയും അബേദ്നെഗോവെയും ബാബേൽ സംസ്ഥാനത്തിലെ കാര്യാദികൾക്കു മേൽവിചാരകരാക്കി: ദാനീയേലോ രാജാവിന്റെ കോവിലകത്തു പാർത്തു.*

Daniel 5:13 *അങ്ങനെ അവർ ദാനീയേലിനെ രാജസന്നിധിയിൽ കൊണ്ടുവന്നു; രാജാവു ദാനീയേലിനോടു കൽപിച്ചതു: എന്റെ അപ്പനായ രാജാവു യെഹൂദയിൽ നിന്നു കൊണ്ടുവന്ന യെഹൂദാപ്രവാസികളിൽ ഉള്ളവനായ ദാനിയേൽ തന്നെയോ?*

Daniel 6:20 *ഗുഹയുടെ അരികെ എത്തിയപ്പോൾ അവൻ ദുഃഖശബ്ദത്തോടെ ദാനീയേലിനെ വിളിച്ചു. രാജാവു ദാനീയേലിനോടു സംസാരിച്ചു: ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനീയേലേ, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽ നിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ എന്നു ചോദിച്ചു.*

It shows Daniel's influence on the Kings.

fleettech@gmail.com